**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6523** **20-03-2023 - ൽ മറുപടിയ്ക്ക്**

**മത്സ്യ കർഷകർക്ക് ന്യായവില ലഭ്യമാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ബയോഫ്ലോക്ക്, പടുതാക്കുളം, സാധാരണ കുളം എന്നിവയിലൂടെ മത്സ്യങ്ങളെ വളർത്തുന്ന മത്സ്യ കർഷകർക്ക് ന്യായവില കിട്ടാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. ബയോഫ്ലോക്ക്, പടുതാക്കുളം, സാധാരണ കുളം എന്നിവയിലൂടെ മത്സ്യങ്ങളെ വളർത്തുന്ന മത്സ്യ കർഷകർക്ക് ന്യായവില ലഭ്യമാക്കുന്നതിനായി ജനകീയ മത്സ്യകൃഷി 'സുഭിക്ഷകേരളം' പദ്ധതിയിൽ ഉൾപ്പെടുത്തി ലൈവ് ഫിഷ് മാർക്കറ്റിംഗ് ഔട്ട് ലെറ്റ് പദ്ധതി മുഖേന മത്സ്യങ്ങളെ ജീവനോടെ വിപണനം നടത്തുന്നതിനായി 30 ലൈവ് ഫിഷ് മാർക്കറ്റ് ഔട്ട് ലെറ്റുകൾ വിവിധ ജില്ലകളിൽ സ്ഥാപിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഇതിൽ റാന്നി, പെരുനാട്, കോന്നി, ആയിരംതെങ്ങ്, എരഞ്ഞോളി, പൊയ്യ, പീച്ചി, കല്ലാനോട് എന്നിവിടങ്ങളിൽ സ്ഥലം കണ്ടെത്തി ഔട്ട് ലെറ്റുകൾ തുടങ്ങുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>കൂടാതെ, പ്രാദേശികമായി ഉല്പാദിപ്പിക്കുന്ന മത്സ്യങ്ങളിൽ നിന്നും വിവിധ സർക്കാർ ഏജൻസികളുടെ സഹായത്തോടെ മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിച്ച് വിപണനം നടത്തുന്നതിന്റെ സാധ്യത സർക്കാർ പരിശോധിച്ചു വരുന്നു |
| (ബി) | ഉണ്ടെങ്കിൽ ഇത്തരം മത്സ്യകർഷകർക്ക് ന്യായവില ലഭ്യമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വ്യക്തമാക്കുമോ? | (ബി) | ഉണ്ട്. ബയോഫ്ലോക്ക്, പടുതാക്കുളം, സാധാരണ കുളം എന്നിവയിലൂടെ മത്സ്യങ്ങളെ വളർത്തുന്ന മത്സ്യ കർഷകർക്ക് ന്യായവില ലഭ്യമാക്കുന്നതിനായി ജനകീയ മത്സ്യകൃഷി 'സുഭിക്ഷകേരളം' പദ്ധതിയിൽ ഉൾപ്പെടുത്തി ലൈവ് ഫിഷ് മാർക്കറ്റിംഗ് ഔട്ട് ലെറ്റ് പദ്ധതി മുഖേന മത്സ്യങ്ങളെ ജീവനോടെ വിപണനം നടത്തുന്നതിനായി 30 ലൈവ് ഫിഷ് മാർക്കറ്റ് ഔട്ട് ലെറ്റുകൾ വിവിധ ജില്ലകളിൽ സ്ഥാപിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഇതിൽ റാന്നി, പെരുനാട്, കോന്നി, ആയിരംതെങ്ങ്, എരഞ്ഞോളി, പൊയ്യ, പീച്ചി, കല്ലാനോട് എന്നിവിടങ്ങളിൽ സ്ഥലം കണ്ടെത്തി ഔട്ട് ലെറ്റുകൾ തുടങ്ങുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| | | | കൂടാതെ, പ്രാദേശികമായി ഉല്പാദിപ്പിക്കുന്ന മത്സ്യങ്ങളിൽ നിന്നും വിവിധ സർക്കാർ ഏജൻസികളുടെ സഹായത്തോടെ മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിച്ച് വിപണനം നടത്തുന്നതിന്റെ സാധ്യത സർക്കാർ പരിശോധിച്ചു വരുന്നു |

സെക്ഷൻ ഓഫീസർ